പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 275 — 21.12.2012 - ൽ മറുപടിക്ക്

## കന്നുകാലി സമ്പത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ :<br>ശ്രീ.സി.ദിവാകരൻ :<br>ശ്രീ.ചിറ്റയം ഗോപകുമാർ :<br>ശ്രീ.വി.ശശി: | ശ്രീ. കെ.പി . മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) കേരളത്തിലെ കന്നുകാലികളുടെ എണ്ണത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എന്തെങ്കിലും പരിഹാര മാർഗ്ഗങ്ങൾ കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഉത്പാദന ചെലവ് വർദ്ധിക്കുന്നതും, ഇറച്ചി വില വർദ്ധിച്ചുനിൽക്കുന്നതിനാൽ കന്നുകാലികൾ അറവുശാലയിലേക്ക് പോകുന്നതും കാലി സമ്പത്ത് കുറയുവാനുള്ള പ്രധാന കാരണങ്ങളാണ്.<br>കന്നുകാലികളുടെ എണ്ണത്തിൽ കുറവ് വരുന്നത് തടയാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:<br>(1)അന്യസംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങി കേരളത്തിലേക്ക് കൊണ്ടുവരുന്നു.<br>(2) കേരളത്തിൽ നിലവിലുള്ള കന്നുക്കുട്ടികളെ തെരഞ്ഞെടുത്ത് കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്ത് ഉത്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നു.<br>(3) ആർ.കെ.വി.വൈ., കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വിദർഭ പാക്കേജ്, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവയിൽപ്പെടുത്തി നടത്തുന്ന മൃഗസംരക്ഷണ പദ്ധതികൾ പ്രകാരം കൂടുതൽ പശുക്കളെ കേരളത്തിലേക്ക് കൊണ്ടുവരുന്നു.<br>(4) കന്നുകുട്ടികളെ കശാപ്പു ചെയ്യുന്നത് പരമാവധി ഒഴിവാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിൽ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര - സംസ്ഥാന പദ്ധതികളായ ആർ.കെ.വി.വൈ., കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വിദർഭ പാക്കേജ്, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് അന്യസംസ്ഥാനങ്ങളിൽ നിന്ന് നിരവധി പശുക്കൾ, എരുമ, ആട് എന്നിവയെ സംസ്ഥാനത്തേക്ക് കൊണ്ടു വന്നിട്ടുണ്ട്. വിവിധ പദ്ധതികളിൽപ്പെടുത്തി കാലിത്തീറ്റ സബ്സിഡി, സൗജന്യ ബീജാധാനം, കേന്ദ്ര സഹായത്തോടെ കുളമ്പുരോഗം, കുരലടപ്പൻ, അടപ്പൻ, ബ്രൂസെല്ലോസിസ് എന്നിവയ്ക്കെതിരെ രോഗ പ്രതിരോധ പ്രവർത്തനങ്ങളും കന്നുകാലി ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കി. കന്നുകാലികൾക്ക് സൗജന്യ ചികിത്സ, സൗജന്യ പ്രതിരോധ കുത്തിവയ്പ്, 50% സബ്സിഡിയോടെ ഇൻഷുറൻസ് പരിരക്ഷ, കർഷകർക്ക് സൗജന്യ പരിശീലനം എന്നിവയും നടപ്പിലാക്കി. |
| (സി) | കാലി സമ്പത്ത് കുറഞ്ഞിട്ടുണ്ടെങ്കിൽ അത് പാൽ ഉല്പാദനത്തെ എത്രത്തോളം ബാധിച്ചെന്ന് വ്യക്തമാക്കുമോ? | (സി) | കാലി സമ്പത്ത് കുറഞ്ഞിട്ടുണ്ടെങ്കിലും പാൽ ഉത്പാദനം കുറഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ